പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4839 — 22.3.2018 -ൽ മറുപടിയ്ക്ക്

## വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന് അന്താരാഷ്ട്ര പ്രചരണ പരിപാടി

| ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ. ടി. വി. ഇബ്രാഹിം : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി അന്താരാഷ്ട്ര പ്രചരണ പരിപാടി സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഏതെല്ലാം രാജ്യങ്ങളിൽ പ്രചരണം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; | ബി) | ഗൾഫ് രാജ്യങ്ങളായ സൗദി, ദുബായ്, ഒമാൻ, കുവൈറ്റ്, സൗത്ത് ഈസ്റ്റ് ഏഷ്യൻ രാജ്യങ്ങളായ സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിലും ആസ്ട്രേലിയ, ന്യൂസിലാന്റ്, അമേരിക്ക, ബ്രിട്ടൺ, ഫ്രാൻസ്, ജർമ്മനി എന്നിവിടങ്ങളിലുമാണ് വിവിധ ക്യാമ്പയിനുകൾ നടത്താൻ തീരുമാനിച്ചിട്ടുള്ളത്. |
| സി) | കേരളത്തിന്റെ പാരമ്പര്യവും പൈതൃകവും മറ്റ് രാജ്യങ്ങളിൽ എത്തിക്കുവാൻ ഇതിലൂടെ സാധ്യമാണോ എന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | സി) | കേരളത്തിന്റെ പാരമ്പര്യവും പൈതൃകവും മറ്റ് രാജ്യങ്ങളിൽ എത്തിക്കുവാൻ വിവിധ പ്രചാരണ മാർഗ്ഗങ്ങളിലൂടെ സാധ്യമാണ്. ഗൾഫ് രാജ്യങ്ങളിൽ നടത്തുന്ന മിഡിൽ ഈസ്റ്റ് ക്യാമ്പയിൻ വഴി ദുബായ്, കുവൈറ്റ്, ഒമാൻ, സൗദി എന്നിവിടങ്ങളിൽ കേരള ടൂറിസം വഴി കേരളത്തിന്റെ പാരമ്പര്യവും പൈതൃകവും പ്രചരണമാകുന്നുണ്ട്. വിദേശ രാജ്യങ്ങളായ അമേരിക്ക, ആസ്ട്രേലിയ, ന്യൂസിലാന്റ്, ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി, സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിൽ നടത്തുന്ന വിവിധ പ്രചാരണങ്ങളിലും കേരള ടൂറിസം ബ്രാന്റിംഗ് വഴി പൈതൃകവും സംസ്കാരവും, പാരമ്പര്യവും മറ്റ് രാജ്യങ്ങളിൽ എത്തിക്കുന്നുണ്ട്. ഇവിടങ്ങളിലെ പത്ര/ദൃശ്യ/സോഷ്യൽ മീഡിയ പ്രചാരണം എന്നിവയും ഇത്തരത്തിൽ തന്നെയാണ് നടത്തി |

| | | | |
|---|---|---|---|
| | | | വരുന്നത്. വിദേശ രാജ്യങ്ങളിലെ ട്രേഡ് ഫെയറുകളിലും പാർട്ട്ണർഷിപ്പ് മീറ്റുകളിലും വകുപ്പ് പങ്കെടുക്കുന്നത് നമ്മുടെ പൈതൃകം ആ രാജ്യങ്ങളിൽ പ്രചരിപ്പിച്ച് അവിടെ നിന്നും സഞ്ചാരികളെ കേരളത്തിൽ എത്തിക്കാൻ തന്നെയാണ്. |

**സെക്ഷൻ ഓഫീസർ**